
INDIAN CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771
ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന

ICC Bulletin Vol. 7. 2 www.iccvienna.org June-July-August 2012

# Message of the Chaplain

വിയന്നായിലെ മലയാളി കത്തോലിക്കാ ഇടവകയുടെ ചരിത്രത്തിലെ ആദ്യത്തെ സംഭവ മഹോത്സവമാണ് സീറോ മലബാർ സഭയുടെ പരമാദ്ധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് അത്യുന്നത കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഔദ്യോഗികമായി നമ്മെ സന്ദർശിക്കുവാനും നമ്മുടെ ഇടവക ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായും, നമ്മുടെ 29 യുവതീ യുവാക്കളുടെ സ്ഥൈര്യലേപന സ്വീകരണ കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിക്കുന്നതിനും നമ്മോടൊത്ത് മൂന്ന് ദിവസത്തോളം ചെലവഴിക്കുന്നതിനും വരുന്നു എന്നുള്ളത്. വളരെയേറെ  സന്തോഷത്തോടും, ആവേശത്തോടുംകൂടെ അഭിവന്ദ്യപിതാവിനെ സ്വീകരിക്കുവാനും പിതാവിനോടുകൂടിയുള്ള നിമിഷങ്ങൾ ഏറെ അനുഗ്രഹപ്രദമാക്കുവാനും നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം, പ്രതീക്ഷിക്കാം, പരിശ്രമിക്കാം.

നമ്മുടെ ഇടവകയുടെ കഴിഞ്ഞ 30 വർഷത്തെ ചരിത്രത്തിലെ ആദ്യ മഹാസംഭവമെന്ന നിലയിൽ ഈ സുവർണ്ണാവസരം നമുക്കേവർക്കും ആവേശവും, സന്തോഷവും നൽകുന്നതും നമ്മുടെ സ്നേഹത്തിന്റേയും ഐക്യത്തിന്റേയും ഏറ്റവും ശക്തമായ ആവിഷ്ക്കാരവുമായിത്തീരാൻ നമുക്ക് പ്രാർത്ഥിക്കാം. അവയുടെ വിജയത്തിനായി
നമുക്ക് ഓരോരുത്തർക്കും സാദ്ധ്യമായ സഹായ സഹകരണം നൽകാം.

യേശു ക്രിസ്തു നമ്മുടെ സ്വന്തമാണെങ്കിൽ അവിടത്തെ ശരീരമായ നമ്മുടെ ഇടവകയും നമ്മുടെ സ്വന്തമാണ്. ഈ അവബോധമാണ് നമ്മുടെ ഇടവകയുടെ ഐക്യത്തിനും ശക്തിക്കും സമൃദ്ധിക്കും ആധാരമായ ചേതോവികാരം. നമ്മുടെ ഇടവകയുടെ ഐശ്വര്യത്തിനും വളർച്ചക്കും വേണ്ടി നമ്മൾ നൽകുന്ന ത്യാഗോജ്ജ്വലമായ സേവന ശുശ്രൂഷയാണ് കർത്താവായ യേശുവിന് നമ്മൾ അർപ്പിക്കുന്ന ജീവിതത്തിന്റെ അർച്ചനയും, ആരാധനയും. അങ്ങനെ നാമോരോരുത്തരും നമ്മുടെ കുടുംബവും, ഇടവകയും നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ പ്രഘോഷണവേദിയും പ്രേഷിത സാക്ഷ്യ മേഘലയുമായിത്തീരുന്നു. കൂദാശകളുടെ ഈ വിളഭൂമിയിൽ സന്തോഷത്തിന്റേയും സമാധാനത്തിന്റേയും പ്രത്യാശയുടേയും ഫലങ്ങൾ വിളയുമാറാകട്ടെ.

ഈയവസരത്തിൽ, നമ്മുടെ ഇടവകയുടെ ഐശ്വര്യത്തിനുവേണ്ടി അദ്ധ്വാനിക്കുന്ന ഇടവകക്കമ്മിറ്റി, വിവിധ പ്രാർത്ഥനാ–കുടുംബ യൂണിറ്റുകൾ, മതബോധനം, യൂത്ത്ഫോറം, ആരാധന–ഗാനശുശ്രൂഷകൾ, കൈരളി നികേതൻ, കുട്ടികളുടേയും, അമ്മമാരുടേയും, സീനിയേഴ്സിന്റേയും സേവന ശുശ്രൂഷാ സംരംഭങ്ങൾ ഇവയിൽ പ്രവർത്തിക്കുന്നവർക്കെല്ലാവർക്കും ഹാർദ്ദവമായ പ്രാർത്ഥനാശംസകൾ നേരുന്നു. നമ്മുടെ ഇടവകയുടെ ആത്മീയ അജപാലന ശുശ്രൂഷയിൽ പ്രത്യക്ഷമായും പരോക്ഷമായും പങ്കാളികളാവുകയും ഇടവകയെ സമ്പന്നമാക്കുകയും ചെയ്യുന്ന എല്ലാ മലയാളി വൈദികരേയും ഒത്തിരി നന്ദിയോടെ ഓർക്കുന്നു. അതുപോലെ, നമ്മുടെ ഇടവക കൂട്ടായ്മയിൽ പങ്കുചേരുന്ന ഓരോ സഭാ–സാമുദായിക വിഭാഗത്തിനും അവരുടെ തനിമയും, പാരമ്പര്യവും, ആരാധനാക്രമവുമനുസരിച്ച് വിശ്വാസ ജീവിതത്തിന്റെ വൈവിധ്യവും നമ്മുടെ ഇടവകയുടെ ഐക്യവും ഭദ്രതയും പരിപോഷിപ്പിക്കുവാൻ സേവന ശുശ്രൂഷ നടത്തുന്ന എല്ലാവർക്കും പ്രോത്സാഹനവും ആശംസകളും നേരുന്നു.

നമ്മുടെ ഇടവകയുടെ വളർച്ചക്കായി നിസ്സ്വാർത്ഥമായ സഹായ സഹകണം നൽകുന്ന സകലരേയും സ്നേഹത്തോടെ കർത്താവിന്റെ കൈകളിൽ അർപ്പിക്കാം. നിങ്ങളെല്ലാവരേയും അടുത്തു വരുന്ന ഇടവകയിലെ ആഘോഷ പരിപാടികളിലേയ്ക്ക് ഹാർദ്ദവമായി ക്ഷണിച്ചുകൊണ്ടും ഏവരുടേയും സഹായ സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും പ്രാർത്ഥനാശംസകളോടെ,

Chaplain: P. Thomas Thandappilly CST
Assistant Chaplain: P. Joy Plathottathil SVD

# Forthcoming Important Events

1. Catechism Second Semester Exams : 10th June – during Catechism time

2. Father`s Day: Special Liturgy and celebration. 10th June in Meidling & Stadlau

3. Kairaly Nikethan Certificate: 16th June –School Closing Day

4. Catechism Academic Year – Closing Day: 17th June.

5. Reception to HB Mar George Alenchery and ICC Annual Cultural Day Celebrations: Saturday, 23rd June: Programme begins at 18. 00hrs in Haus der Begegnung Floridsdorf, Angerer Straße – 14. 1210 Wien.

   ***Chief Guest*: HB Mar George Cardinal Alenchery, Major Archbishop of SMC**
   ***Guest of Honour*: HE Shri Dinkar Khullar, Ambassador of India to Austria**

6. Solemn Ceremony of the Sacrament of Confirmation of 29 ICC Youth: Sunday, 24th June. Liturgy begins at 14.00 hrs in Maria Lourdes. All the Candidates must reach at Maria Lourdes at 13. 30 hrs.

   On this occasion, all the ICC children who received the First Holy Communion this year will be given a special welcome by the ICC. They must reach the Church at 13. 30, in their proper dress of the First Communion. They need not bring their Candles. Those children who want to be in this group at the Holy Mass, will be given a card before 20th of June. Kindly report their names either by the Liturgy Convener: Winson Kallikadan, or by the Catechism Convener: Paul Maliekal.

7. **Feast of St. Thomas, the Apostle of India and of St. Alphonsa, the first woman Saint of India:** Solemn Mass at 15. 00hrs in Maria Lourdes, Litany and Procession in Parish Garden. No Malayalam Mass in Stadlau.

8. Assumption of Our Lady –Marian Feast: 15th August. Solemn Mass in local Parishes. No Malayalam Mass. Independence Day of India. Pray for India.

9. Pilgrimage to Maria Guging: Sunday, 19th August. Solemn Mass at 16 .00hrs in Maria Guging Grotto. No Malayalam Mass in Stadlau.

10. Kairaly Nikethan Classes begin: 8th September in Kairaly Nikethan School.

11. Catechism Classes begin: 9$^{th}$ September in Maria Lourdes and Stadlau. On First Sunday of every month, there will be a Special Life Orientation Class for the ICC Youth who completed their Catechism during the Catechism time in Meidling and in Stadlau.

12. *Please Note***:** **<u>Year of Faith</u>** begins on 11th October and ends on 24th Nov. 2013

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*